റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബിജോൺ):

(എ) ഉണ്ട്.

(ബി) ജീവനക്കാരുടെ ശമ്പളത്തിൽ ഇരുപതു ശതമാനം വർദ്ധനവ് ശുപാർശ ചെയ്തിട്ടുണ്ട്.

(സി) കമ്മിറ്റിയുടെ പ്രവർത്തനത്തെപ്പറ്റി ആക്ഷേപം ഉണ്ടായിട്ടില്ല. കമ്മിറ്റി ശുപാർശ ചെയ്ത ശമ്പള സ്കെയിലുകളിൽ പിശക് വന്നിട്ടുണ്ടെന്ന് ആക്ഷേപം ഉണ്ടായിട്ടുണ്ട്.

സാക്ഷരത വളർത്താൻ പദ്ധതികൾ

* 465 [489] ശ്രീ. കെ. കെ. എസ്. തങ്കം: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സാക്ഷരത വളർത്താൻ പുതുതായി അംഗീകരിച്ച പദ്ധതികൾ എന്തെല്ലാം?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ):

1. 6 വയസ്സിനും 14 വയസ്സിനും മദ്ധ്യേ പ്രായമുള്ള വർക്കായി ഉദ്ദേശിച്ചിട്ടുള്ള അനൗപചാരിക വിദ്യാഭ്യാസപദ്ധതി.

2. 15 വയസ്സിനും 35 വയസ്സിനും ഇടയ്ക്ക് പ്രായമുള്ളവരെ സാക്ഷരരാക്കുന്നതിനായി ദേശീയവയോജനവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി 1978 ഒക്ടോബർ 2-ാം തീയതി (ഗാന്ധിജയന്തി ദിനം) നടപ്പിൽ വരുത്തിയ വയോജന വിദ്യാഭ്യാസ പരിപാടി.

ട്രഷറി ഡിപ്പാർട്ടുമെന്റിലെ ജില്ലാ ട്രഷറി ആഫീസർമാരുടെ സമാന തസ്തികകൾ

*466 [490] ശ്രീ. ഇ. അഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഡിപ്പാർട്ടുമെന്റിൽ ജില്ലാ ട്രഷറി ആഫീസർമാരുടെ സമാന തസ്തികകൾ എത്രയുണ്ട്;

(ബി) ടി തസ്തികകളിൽ ഇപ്പോഴുള്ള ഉദ്യോഗസ്ഥൻമാർ ഏതു യൂണിറ്റിൽപ്പെട്ടവരാണ്; ഓരോരുത്തരുടേയും മൊത്തസേവനദൈർഘ്യമെത്ര;

(സി) മുകളിൽ ഉദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻമാരേക്കാളും സേവന ദൈർഘ്യം കൂടുതലുള്ള ഉദ്യോഗസ്ഥൻമാർ താഴ്ന്ന തസ്തികകളിൽ മറ്റു യൂണിറ്റുകളിലുണ്ടോ; ഉണ്ടെങ്കിൽ അവരുടെ മൊത്ത സേവനദൈർഘ്യമെത്ര;

(ഡി) ട്രഷറി ഡിപ്പാർട്ടുമെന്റിലെ പ്രമോഷൻ സംസ്ഥാനാടിസ്ഥാനത്തിൽ ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നു തീയതി മുതൽ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ട്രഷറി ഡിപ്പാർട്ടുമെൻറിൽ പതിനൊന്നു (11) ജില്ലാ ട്രഷറി ഓഫീസർമാരുടേയും സമാന തസ്തികയായ മൂന്നു (3) അസിസ്റ്റൻറ് ട്രഷറി ഡയറക്ടർമാരുടേയും തസ്തികകൾ ഉണ്ട്.

(ബി) മേൽപറഞ്ഞ തസ്തികകൾ എല്ലാ യൂണിറ്റിൽപ്പെട്ട (തിരുവിതാംകൂർ-കൊച്ചി, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ) ഉദ്യോഗസ്ഥൻമാരും ഉണ്ട്. അവരുടെ പേരുവിവരവും സർവ്വീസ് ദൈർഘ്യവും പ്രത്യേകം പട്ടികയിൽ പറയുന്നുണ്ട് †.

(സി) ഉണ്ട്. നിരവധി പേർ ഉള്ളതുകൊണ്ട് അവരുടെയെല്ലാം സേവനദൈർഘ്യത്തെപ്പറ്റിയുള്ള വിവരങ്ങൾ ഉടനെ ലഭ്യമല്ല.

(ഡി) ട്രഷറി ഡിപ്പാർട്ടുമെൻറിൽ സ്റ്റേറ്റ് യൂണിറ്റ് സിസ്റ്റം വേണമെന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഏതു തീയതി മുതൽ നടപ്പാക്കണമെന്ന് തീരുമാനം എടുത്തിട്ടില്ല.

യു. ജി. സി. യുടെ സഹായത്തോടെ ഏറെടുത്തു നടപ്പിലാക്കിയ വികസനപദ്ധതികൾ

* 467 [491] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചാം പഞ്ചവൽസരപദ്ധതിക്കാലത്ത് കേരളത്തിലെ ഗവൺമെൻറ് കോളേജുകൾ യു. ജി. സി. യുടെ സഹായത്തോടെ ഏറെടുത്തു നടപ്പിലാക്കിയ വികസനപദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് യു. ജി. സി. യിൽ നിന്നും എത്ര ലക്ഷം രൂപ സഹായമായി ലഭിച്ചു;

(സി) ഏതൊക്കെ കോളേജുകളിലാണ് വികസനപദ്ധതികൾ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഫാക്കൽറ്റി ഇംപ്രൂവ്മെൻറ് പ്രോഗ്രാം, ക്ലാസ്മുറികൾ സ്റ്റാഫ് കാർട്ടേഴ്സ്, നോൺ റസിഡൻഷ്യൽ സ്റ്റുഡൻറ് സെൻറർ, ഗ്രീൻ ഹൗസ്, ബൊട്ടാണിക്കൽ ഗാർഡൻ തുടങ്ങിയവയുടെ നിർമ്മാണം പുസ്തകങ്ങളും ജേർണലുകളും ലാബറട്ടറി ഉപകരണങ്ങളും വിലയ്ക്കു വാങ്ങുക, കളിസ്ഥലം ഹോസ്റ്റലുകൾ ഇവയുടെ വികസനം എന്നിവയാണ്.

(ബി) യു. ജി. സി. 88,41,767 രൂപ അനുവദിച്ചതിൽ 16,23,600 രൂപ കിട്ടി കഴിഞ്ഞു.

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[ചോദ്യം നമ്പർ *466 (490) കാണുക]

1. ശ്രീ. കെ. ബാലകൃഷ്ണക്കുറുപ്പ്, ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം (കോഴിക്കോട് ജില്ലാ യൂണിറ്റ്) 29 വർഷം.
2. ശ്രീമതി പി. ജാനകിയമ്മ, ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം, (കണ്ണൂർ ജില്ലാ യൂണിറ്റ്) 23 വർഷം.
3. ശ്രീമതി എൻ. ജോന, ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ, (തിരു-കൊച്ചി യൂണിറ്റ്) 32 വർഷം.
4. ശ്രീമതി എം. ഇ. അന്നം, ജില്ലാ ട്രഷറി ഓഫീസർ, കോട്ടയം (തിരു-കൊച്ചി യൂണിറ്റ്) 32 വർഷം.
5. ശ്രീ. സി. കൃഷ്ണൻകുട്ടി മേനോൻ, ജില്ലാ ട്രഷറി ഓഫീസർ, ഇടുക്കി (തിരു-കൊച്ചി യൂണിറ്റ്) 23 വർഷം.
6. ശ്രീ. കെ.പി. രാഘവൻ, ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം (കണ്ണൂർ യൂണിറ്റ്) 23 വർഷം.
7. ശ്രീ പി. എസ്. രാമസ്വാമി, ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ (തിരു-കൊച്ചി യൂണിറ്റ്) 34 വർഷം.
8. ശ്രീ. ആർ. എസ്. വെങ്കടേശ്വരൻ, ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട് (പാലക്കാട് യൂണിറ്റ്) 32 വർഷം.
9. ശ്രീ. റ്റി. കെ. ഏനുദ്ദീൻകുട്ടി, ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം (മലപ്പുറം യൂണിറ്റ്) 32 വർഷം.
10. ശ്രീ. എൻ. ബാലകൃഷ്ണൻനായർ, ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട് (കോഴിക്കോട് ജില്ലാ യൂണിറ്റ്) 34 വർഷം.
11. ശ്രീ. റ്റി.വി. ബാലകൃഷ്ണൻനായർ, ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (കണ്ണൂർ ജില്ലാ യൂണിറ്റ്) 35 വർഷം.
12. ശ്രീ. ഇ. കൃഷ്ണയ്യർ (അസിസ്റ്റന്റ് ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടർ ആഫീസ് (തിരു-കൊച്ചി യൂണിറ്റ്) 23 വർഷം.
13. ശ്രീമതി എ. എം. ജയശീലി, അസിസ്റ്റന്റ് ഡയറക്ടർ, ട്രഷറി ഡയറക്ടർ ഓഫീസ് (തിരു-കൊച്ചി യൂണിറ്റ്) 26 വർഷം.
14. ശ്രീ. സി. വി. ബാലകൃഷ്ണൻ, അസിസ്റ്റന്റ് ഡയറക്ടർ, ട്രഷറി ഡയറക്ടർ ആഫീസ് (തിരു-കൊച്ചി യൂണിറ്റ്) 32 വർഷം.

LIBRARY ARCHIVES Kerala Legislative Assembly